# വചനസുമം



വാല്യം 12 ✳ ഏപ്രിൽ 2014 ✳ ലക്കം 4

# പ്രസംഗം തയ്യാറാക്കിയവർ

**ഏപ്രിൽ 6** : **സമിയൊ ഞായർ**

**(കുരുടനെ സൗഖ്യമാക്കിയത്)**

ബ്രദർ സിറിൾ ഒ. ഐ. സി.

**ഏപ്രിൽ 16** : **ഓശാന ഞായർ**

ബ്രദർ സാമുവൽ ജോർജ് ഒ. ഐ. സി.

**ഏപ്രിൽ 17** : **പെസഹാ**

ബ്രദർ ജോൺ പുളിക്കൽ ഒ. ഐ. സി.

**ഏപ്രിൽ 18** : **ദുഃഖവെള്ളി**

ബ്രദർ ജോയേൽ ജോസഫ് ഒ. ഐ. സി.

**ഏപ്രിൽ 19** : **ദുഃഖശനി**

ബ്രദർ മോൻസൺ വർഗ്ഗീസ് ഒ. ഐ. സി.

**ഏപ്രിൽ 20** : **ഈസ്റ്റർ**

ബ്രദർ ജോഷി റയ്മണ്ട് ഒ. ഐ. സി.

**ഏപ്രിൽ 27** : **പുതുഞായറാഴ്ച**

ബ്രദർ ബ്ലസ്സൻ മാത്യു ഒ. ഐ. സി.



Printed : At Bethany Offset Printers, Kottayam
Published : By **Bethany Vedavinjana Peeth, Pune**
E-mail:bethanyktm@gmail.com
(For Private Circulation)

# 2014 ഏപ്രിൽ 6
# സമിയൊ ഞായർ
# (കുരുടനെ സൗഖ്യമാക്കിയത്)
# വലിയ നോമ്പിലെ ആറാം ഞായർ

യോഹ. 9:1–41; നിയമ. 32:45–52; പ്രഭാ. 21:1–10; ഏശ. 1:10–17; 1 പത്രോ. 4:12–19; റോമ. 14:13–23; മർക്കോ. 10:46–52.

**ബ്രദർ സിറിൾ ഒ. ഐ. സി.**

## സന്ദർഭം

യേശു ജറീക്കോ എന്ന പട്ടണത്തിൽ പ്രവേശിച്ചശേഷം ശിഷ്യൻമാരോടും, ജനാവലിയോടുമൊത്ത് അവിടം വിട്ടു പോകുമ്പോൾ, തിമേയൂസിന്റെ മകൻ ബർതിമേയൂസിനു കാഴ്ച നൽകുന്ന വചനഭാഗമാണ് വി. മർക്കോസിന്റെ സുവിശേഷം 10:46-56 വരെയുള്ള വാക്യങ്ങളിലൂടെ വിവരിക്കുക. യേശുവിൽ വിശ്വസിച്ചതുമൂലം ബർതി മേയൂസിനു കാഴ്ച ലഭ്യമാവുകയും തുടർന്ന് ബർതിമേയൂസ് യേശു വിനെ അനുഗമിക്കുന്നതുമാണ് സന്ദർഭം.

## പ്രമേയം

അനുഗ്രഹദായകമായ നോമ്പിലൂടെ കടന്നുപോകുമ്പോൾ അന്ധത ബാധിച്ച ആത്മീയ ജീവിതത്തെപ്പറ്റി സുവിശേഷഭാഗം ഓർമ്മിപ്പിക്കുന്നു. അന്ധത ദൈവത്തിന്റെ ശാപം എന്നതിലുപരി ദൈവാനുഭവത്തിന്റെ അഭാവമായി സുവിശേഷകൻ അവതരിപ്പിക്കുന്നു. സുരക്ഷിതത്വം പകരുന്ന പുറംകുപ്പായം ബർതിമേയൂസ് ഊരിയെറിഞ്ഞു. ദൈവത്തിലേക്കു വളരുന്ന ബർതിമേയൂസ് എന്ന വ്യക്തിത്വമാണിവിടെ മുഖ്യപ്രമേയം. പത്രോസിന്റെ, നീ ജീവനുള്ള ദൈവത്തിന്റെ പുത്രനാണെന്ന വിശ്വാസപ്രഖ്യാപനത്തിനുശേഷം യേശു ആരാണെന്നുള്ള (ദാവീദിന്റെ പുത്രൻ) തുറന്ന പരാമർശമാണ് ബർതിമേയൂസ് എന്ന വ്യക്തി, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ എന്ന നിലവിളിയിലൂടെ വ്യക്തമാക്കുക.

## സന്ദേശം

അന്ധത പ്രകാശത്തിന്റെ അഭാവമാണ്; കാഴ്ചയുടെ പോരായ്മ യാണത്. കാണേണ്ടവ, കാണേണ്ടതുപോലെ കാണാൻ കഴിയാത്ത അവസ്ഥ. അവ ശാരീരികമാവാം, ആത്മീയമാവാം. മത്തായി 20:29-34 വാക്യങ്ങളിൽ രണ്ടു അന്ധൻമാരെ സുഖപ്പെടുത്തുന്ന സന്ദർഭം അവത രിപ്പിച്ചിട്ടുണ്ട്. സമാനമായ രംഗം ലൂക്കാ സുവിശേഷകനും (18-35-43) വിവരിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ 9 അദ്ധ്യായത്തിൽ അന്ധനെ സുഖപ്പെടുത്തുന്ന രംഗം വിവരിക്കുന്നുണ്ട്. വി. മർക്കോസിന്റെ സുവിശേഷം 8:22-26 വാക്യങ്ങളിൽ അന്ധനു സൗഖ്യം നൽകുന്ന യേശു അവനോടു പറയുന്നു, മറ്റാരും ഈ പ്രവൃ ത്തി അറിയരുതെന്ന്. എന്നാൽ 10-ാം അദ്ധ്യായത്തിൽ 46-52 വരെയുള്ള വാക്യങ്ങളിൽ ഇതിനു വിപ രീതമായി പരസ്യമായി സൗഖ്യം നൽകുന്ന യേശുദേവനെ കാണാൻ കഴിയുന്നു. തുടർന്നു യോഹന്നാന്റെ സുവിശേഷത്തിൽ ഇങ്ങനെ യേശു പറയുന്നു, പോയി ശിലോഹകുളത്തിൽ കഴുകുക എന്ന്. മാർക്കോസിന്റെ സുവിശേഷം 19:50-ൽ കാണുന്നു അവൻ പുറംകുപ്പായം ദൂരെയെറിഞ്ഞു, കുതിച്ചുചാടി യേശുവിന്റെ അടുത്തെത്തിയെന്ന്. ഒരന്ധന് ഇതൊക്കെ എങ്ങനെ സാധ്യമാവും? അന്ധൻ എന്ന നിലയിൽ പരസ്പരബന്ധമില്ലാത്ത കാര്യങ്ങളാണ് ഇവിടെയൊക്കെയും സംഭവിക്കുക. അതുകൊണ്ട് ഈ വചനഭാഗം ശാരീരിക അന്ധതയോടൊപ്പം ആത്മീയമായുണ്ടാവുന്ന അന്ധതയെപ്പറ്റിയും പറഞ്ഞുതരുന്നു.

അന്ധത നിറഞ്ഞ ജീവിതസംസ്കാരത്തിനു നടുവിലാണു നാം ജീവിക്കുന്നത്. അന്ധത ജീവിതത്തേയും സംസ്കാരത്തേയും ബാധിച്ചു നാം ഇന്ന് അഭയം പ്രാപിക്കുക താത്ക്കാലികമായി ലഭിക്കുന്ന സുഖ ങ്ങളിലാണ്. ശാശ്വതമായുണ്ടാവുന്ന സുരക്ഷിതത്വം മറന്ന് നിമിഷ സുഖ ങ്ങളുടെ പിന്നാലെ പായുന്ന അന്ധകാരമായ ജീവിതരീതിയിലാണ് നാം ആയിരിക്കുക. നമ്മുടെ ആത്മീയ അന്ധത മനസ്സിലാക്കണമെങ്കിൽ, നമ്മുടെ ജീവിതത്തിലേക്കു തിരിഞ്ഞു നോക്കണം. അന്യന്റെ കുറവുകളിൽ, സഹാ യിക്കാതെ മാറി നിൽക്കുമ്പോൾ നാം നമ്മുടെ ആത്മീയ അന്ധത ഉയർത്തി കാണിക്കുന്നു. ശാരീരികമായും ആത്മീയമായും അന്ധത അനുഭവി

ക്കുന്ന ബർതിമേയൂസിന്റെ ജീവിതത്തിൽ യേശു ഇടപെട്ടപ്പോൾ അവന്റെ ജീവിതത്തിൽ പ്രകാശം നിറഞ്ഞു. അവന്റെ കണ്ണുതുറന്നു. ദൈവവും ബർതിമേയൂസും സംഗമിക്കുന്നിടത്ത് പുതിയ ജീവിതപാത വെട്ടിത്തുറക്കപ്പെട്ടു, അവനു കാഴ്ച ലഭിക്കുകയും, അവന്റെ പോരായ്മ നികത്തപ്പെടുകയും ചെയ്തു. അവിടെ സുരക്ഷിതത്വം തരുന്ന പുറം കുപ്പായം വലിച്ചെറിഞ്ഞു, കുതിച്ചു ചാടി ചെന്നു. അവിടെ ബർതേമിയൂസിനു ശാരീരിക കാഴ്ചക്കപ്പുറം ഉൾക്കാഴ്ച കൂടി ലഭിച്ചു. അതേ തുടർന്നു ബർതേമിയൂസ്, ദൈവത്തേ അനുഗമിക്കുന്നത് കാണാം.

തിമേയൂസിന്റെ മകൻ ബർതേമിയൂസ് നമ്മുടെ ക്രൈസ്തവ ജീവിതത്തിലും വെല്ലുവിളി ഉയർത്തുന്നുണ്ട്. സത്യമെന്നു കരുതി വിശ്വസിച്ച് നമ്മുടേതായ സൗകര്യങ്ങൾക്കുവേണ്ടി കരുതി വച്ചിരിക്കുന്നവ വലിച്ചെറിഞ്ഞ് ദൈവത്തിലേക്ക് ഓടിയടുക്കുവാൻ; നിത്യപ്രകാശമായ ക്രിസ്തുവിനെ ഹൃദയത്തിലേറ്റു വാങ്ങുവാൻ വചനഭാഗത്തിലൂടെ യേശു ആവശ്യപ്പെടുന്നു.

നോമ്പിന്റെ പുണ്യദിനങ്ങളിൽ ആയിരിക്കുമ്പോൾ ഉപവാസവും പ്രാർത്ഥനയും ഒക്കെ നമ്മുടെ കണ്ണുതുറപ്പിക്കുന്നതാവണം. ഇവിടെ ദൈവിക സാന്നിദ്ധ്യം തിരിച്ചറിയണമെങ്കിൽ നിലവിളിയോടെ പ്രാർത്ഥിക്കണം. നമ്മിൽ അണഞ്ഞു പോയ പ്രകാശത്തെ കണ്ടത്തേണ്ട അവസരമാണിത്. അതിനാൽ നമുക്കു പ്രാർത്ഥിക്കാം, ദാവീദിന്റെ പുത്രാ എന്നിൽ  കനിയണമേ എന്ന്. അന്ധത ദൂരീകരിക്കുമ്പോൾ പ്രകാശത്താൽ ജീവിതം നിറയും, അവിടേയാണ് ക്രിസ്താനുകരണം പൂർണ്ണമാവുക.

# 2014 ഏപ്രിൽ 13
# ഓശാന ഞായർ

യോഹ. 11:45–53; ഉല്പ. 49:8–12; സഖ. 9:8–12;
ഏശ. 51:9–16; വെളി. 7:9–12; റോമ. 11:17–24; യോഹ. 12:12–19

**ബ്രദർ സാമുവൽ ജോർജ് ഒ. ഐ. സി.**

"സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസലേം പുത്രീ, ആർപ്പുവിളിക്കുക. ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേയ്ക്കു വരുന്നു. അവൻ പ്രതാപവാനും, വിജയശാലിയുമാണ്. അവൻ വിനയാന്വിതനായി കഴുതക്കുട്ടിയുടെ പുറത്ത് കയറി വരുന്നു" (സഖറിയ 9:9)

രണ്ടായിരം വർഷങ്ങൾക്കു മുമ്പു യേശു ക്രിസ്തു ജറുസലേമിലേക്കു നടത്തിയ മഹത്വമേറിയ രാജകീയ പ്രവേശനത്തെ അനുസ്മരിച്ചുകൊണ്ടു കൈയിൽ കുരുത്തോലകളും, അധരങ്ങളിൽ ഓശാന വിളികളുമായി നാമിന്ന് ഓശാന തിരുന്നാൾ ആഘോഷിക്കുമ്പോൾ ഇന്നത്തെ നമ്മുടെ വിചിന്തനത്തിനും ധ്യാനത്തിനുമായി പരി. സഭാമാതാവ് നൽകിയിരിക്കുന്ന വേദഭാഗം വി. യോഹന്നാൻ ശ്ലീഹായുടെ സുവിശേഷം 12-ാം അദ്ധ്യായം 12 മുതൽ 19 വരെയുള്ള വാക്യങ്ങളാണ്. എന്തിനായി താൻ ഈ ലോകത്തിൽ മനുഷ്യനായി അവതരിച്ചുവോ, ആ ദൗത്യം പൂർത്തിയാക്കാൻ സമയമായി എന്നു മനുസ്സിലാക്കിയ യേശുനാഥന്റെ പീഡാനുഭവങ്ങളുടെ മുന്നോടിയായി ജറുസലേമിലേക്കു നടത്തിയ രാജകീയ പ്രവേശനത്തിന്റെ ഓർമ്മയാണ് ഓശാനത്തിരുനാളിലൂടെ നാമിന്ന് ആഘോഷിക്കുന്നത്.

## പശ്ചാത്തലം

യേശു ജറുസലേമിലേക്കു വരുന്ന വിവരമറിഞ്ഞ് അവിടുത്തെ സ്വീകരിക്കുവാനായി ജനങ്ങൾ പുറപ്പെടുന്നു. വിജയപ്രതാപവാനായ ഒരു രാജാവിനെയെന്നപോലെ, ജനങ്ങൾ യേശുവിനെ സ്വീകരിക്കുന്നു.

യേശുവിനു ബഹുമാനാദരവുകൾ അർപ്പിക്കുന്നത് വിദേശികളായ തീർത്ഥാടകരും (യോഹ. 12.12) ജറുസലേം നിവാസികളുമാണ് (യോഹ. 12.18). ഈന്തപ്പനകളുടെ ശിഖരങ്ങൾ കൈകളിൽ വഹിച്ചും, സങ്കീർത്തന വാക്യങ്ങൾ (118:26-27) ആലപിച്ചുമാണു അവർ ആഹ്ലാദം പ്രകടമാക്കുന്നത്. തീർത്ഥാടകർ ദൈവാലയത്തിൽ പ്രവേശിക്കുമ്പോൾ പാടിയിരുന്ന ഈരടികളാണവ. അവർ യേശുവിനെ ഇസ്രായേലിന്റെ രാജാവെന്നു വിശേഷിപ്പിച്ചും, അവിടുത്തെ മിശിഹാത്വം ഏറ്റു പറഞ്ഞും ആനയിക്കുന്നു. ആരംഭത്തിൽ യാചനാസൂചകമായിരുന്ന ഹോശാന (തുണയ്ക്കണമേ) എന്ന പദം പിന്നിടു ആഹ്ലാദസൂചകമായ വിജയാഘോഷത്തിന്റെ ചിഹ്നമായി. (വിജയിക്കട്ടെ)

മിശിഹായെന്ന നിലയിൽ തനിക്കു നൽകപ്പെട്ട സ്വീകരണം അവിടുന്നു സ്വാഗതം ചെയ്തു. അവിടുന്നു വീരപരാക്രമിയായ ഒരു ചക്രവർത്തിയല്ല, സമാധാന സ്ഥാപകനായ ഒരു രാജാവു മാത്രം. സാധാരണക്കാരുടെ സഞ്ചാരമൃഗമായ ഒരു കഴുതക്കുട്ടിയുടെ പുറത്തിരുന്ന് അവിടുന്നു ജറുസലേമിലേയ്ക്കു പ്രവേശിക്കുന്നു. ജനങ്ങൾ ആഹ്ലാദിക്കുന്നു, പ്രതിയോഗികളായ യഹൂദൻമാർ യേശുവിനെ വധിക്കാൻ ആലോചിക്കുന്നു.

## സന്ദേശം

### 1. അവർ യേശുവിനെ സ്വീകരിക്കാൻ പുറപ്പെട്ടു (യോഹ. 12:13).

നൂറ്റാണ്ടുകളുടെ പ്രതീക്ഷയുടെ പൂർത്തീകരണമായ രക്ഷകനെ ബാഹ്യവും ആന്തരികവുമായ ഒരുക്കത്തോടെയാണ് രക്ഷകനെ വരവേറ്റത്. ഓശാനപ്പെരുന്നാളിന്റെ ശുശ്രൂഷയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു. "കർത്താവേ നീ യെറുശലേമിൽ പ്രവേശിച്ച ഈ ദിവസത്തിൽ വെണ്മയുള്ള വസ്ത്രങ്ങളോടും ആന്തികശോഭയോടും നിർമ്മലവും പാവനവുമായ വിചാരങ്ങളോടും കൂടെ നിന്റെ എതിരേല്പ്പിനു പുറപ്പെടുവാൻ ഞങ്ങളെ യോഗ്യരാക്കണമെ." ഇതിലൂടെ സഭ നമ്മോടു ആഹ്വാനം ചെയ്യുന്നത് നാം ആയിരിക്കേണ്ട അവസ്ഥയേയും നമ്മുടെ ജീവിതരീതികളേയും പറ്റിയാണ്. ഇതു തന്നെയാണ് ഓശാനത്തിരുന്നാളും ഇന്നു

നമ്മോടു പറയുന്നത്-അതായത്, ആന്തരികശോഭയോടും നിർമ്മലവും പാവനവുമായ വിചാരങ്ങളോടും, കയ്യിൽ കുരുത്തോലകളുമേന്തി അവിടുത്തെ മുമ്പിൽ അണിനിരന്നുകൊണ്ട് അവിടുത്തേക്കു ഓശാന പാടാൻ നമുക്കും സാധിക്കണം.

**2. അവരുടെ നൊമ്പരങ്ങളിലേക്കു ക്രിസ്തുനാഥൻ കടന്നു വരുന്നു.**

ദാരിദ്ര്യത്തിന്റെ, അടിമത്തത്തിന്റെ, വരൾച്ചയുടെ, സഹനനൊമ്പരങ്ങളുടെ നടുവിലേക്കാണ് ക്രിസ്തുനാഥൻ കടന്നു വന്നത്. കാരണം രക്ഷക്കും വിമോചനത്തിനുവേണ്ടിയുള്ള ഇസ്രായേൽ ജനത്തിന്റെ നിരന്തരമായ പ്രാർത്ഥനയും അപേക്ഷയും അവിടുത്തെ സന്നിധിയിൽ എത്തിയിരുന്നു. അവൻ അവരുടെയിടയിലേക്കു കടന്നു വന്നതു രാജാക്കൻമാരുടെ വാഹനമായ കുതിരയുടെ പുറത്തല്ല മറിച്ച് വിനീത മൃഗമായ കഴുതയുടെ പുറത്താണ്. കാരണം എല്ലാവരേയും ഒന്നായി കാണാനുള്ള ഒരു മനസ്സു ക്രിസ്തുവിനുണ്ടായിരുന്നു. അതിനാൽ എല്ലാവരേയും ദർശിക്കുവാൻ സാധിക്കുന്ന ഒരു മൃഗത്തെ അവൻ തിരഞ്ഞെടുത്തു. ക്രിസ്തുവിന്റെ കടന്നുവരവ് ഇല്ലായ്മയിലേക്കുള്ള ഒരു കടന്നുവരാണ്.

**3. അവരോടൊപ്പം ആയിരിക്കുന്ന ദൈവം**

ഒരുവന്റെ ജീവിതത്തിലേക്കു കടന്നു വരുന്ന ക്രിസ്തു അവന്റെ രക്ഷകനായി മാറുകയാണ്. അവന്റെ പാപങ്ങളും നൊമ്പരങ്ങളും അവൻ ഏറ്റെടുക്കുകയാണ്. പുറപ്പാടു പുസ്തകം 1-ാം അദ്ധ്യായം വായിക്കുമ്പോൾ നമുക്കു കാണാൻ സാധിക്കും, മരുഭൂമിയിലൂടെയുള്ള യാത്രയിൽ ഉടനീളം ഇസ്രായേൽക്കാർക്കു യഹോവയായ ദൈവം കൂട്ടിനുണ്ടായിരുന്നുവെന്ന്. പകൽ മേഘസ്തംഭമായും രാത്രി അഗ്നിത്തൂണായും അവനവരെ നയിച്ചു. പുതിയനിയമത്തിൽ ക്രിസ്തു ഒപ്പമാകാൻ അപ്പമായി തന്നെതന്നെ പകുത്തു നൽകുന്നു. ഇവിടെയെല്ലാം നാം ദർശിക്കുന്നതു തന്റെ ജനത്തോടൊപ്പമായിരിക്കുവാൻ ഇഷ്ടപ്പെടുന്ന സ്നേഹവാനായ ഒരു ദൈവത്തെയാണ്.

## ഉപസംഹാരം

സ്നേഹമുള്ളവരേ, ആധുനികതയുടെ നടുവിൽ ജീവിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം നാമും ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിൽ അസംതൃപ്തരും വേദനിക്കുന്നവരുമല്ലേ? അധികാരത്തിനും സമ്പത്തിനും വ്യക്തിതാൽപര്യങ്ങൾക്കുമൊക്കെ അടിമപ്പെട്ടു സ്വാർത്ഥതയുടെ ഒരു ജീവിതമല്ലേ നാമിന്നു നയിക്കുന്നത്? അതിനാൽ ജറുസലേമിൽ അവിടുന്നു നടത്തിയ ഓശാനപ്പെരുന്നാളിന്റെ പുനരാവിഷ്കരണം നാമിന്നു  നടത്തുമ്പോൾ അന്ന് അവിടുത്തേക്കു ഓശാന പാടിയും ജനക്കൂട്ടം കണ്ടതും അറിഞ്ഞതും അനുഭവിച്ചതുമായ ദൈവസാന്നിദ്ധ്യം ഇന്നു നമുക്കും അനുഭവഭേദ്യമാകണമെങ്കിൽ യേശുനാഥന് നമ്മുടെ സ്വന്തം ജീവിതത്തിലേക്കും ഹൃദ്യമായ സ്ഥായിയായ വരവേൽപ്പു നൽകാൻ സാധിക്കണം. അധികാര, സ്വാർത്ഥ, വ്യക്തിതാൽപര്യങ്ങളുടെ മീതെ യേശുവിനെ പ്രതിഷ്ഠിച്ചെങ്കിൽ മാത്രമേ ഈ ആരാധനയും ആഘോഷങ്ങളുമെല്ലാം അർത്ഥപൂർണ്ണമാകൂ. അതുകൊണ്ടു ഇന്നത്തെ ലേഖനത്തിൽ നാം ശ്രവിച്ചതുപോലെ നമ്മിലെ സ്വാർത്ഥതയാകുന്ന കാട്ടൊലിവിന്റെ ശാഖകളെ നീക്കിക്കളഞ്ഞുകൊണ്ടു ക്രിസ്തുനാഥനായ തായ്ത്തണ്ടിനോടു നമുക്കു നമ്മെതന്നെ ചേർക്കാം. അങ്ങനെ തുടർ ന്നുള്ള നമ്മുടെ ജീവിതത്തെ അവിടുത്തെ സത്ത ഉൾക്കൊണ്ടുകൊണ്ടുള്ള വിശുദ്ധിയുടെ ജീവിതമാക്കി മാറ്റാം. അതിനായി ഈ ഓശാനത്തിരുന്നാളിലൂടെ നമുക്കു നമ്മെയും മറ്റുള്ളവരെയും സമർപ്പിച്ചു പ്രാർത്ഥിക്കാം.

# 2014 ഏപ്രിൽ 17
# പെസഹാ വ്യാഴം

പുറ. 12:1-14; ലേവ.16:1-10; എസ. 45:18-25; വെളി. 19:5-16; 1 കോരി. 11:23-34; ലൂക്കാ. 22:14-23

ബ്രദർ ജോൺ പുളിക്കൽഒ. ഐ. സി.

## പശ്ചാത്തലം

ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് ഇസ്രായേൽ ജനത്തെ സർവ്വശക്തനായ ദൈവം രക്ഷിച്ചതിന്റേയും പഴയനിയമത്തിലെ സംഹാരദൂതന്റെ കടന്നുപോക്കിനേയും അനുസ്മരിച്ചുകൊണ്ടാണ് ഇസ്രായേൽക്കാർ പെസഹാ അനുഷ്ഠിക്കുക. ഈ ദിവസം നിങ്ങൾക്കു സ്മരണദിനമായിരിക്കട്ടെ. ഇതു തലമുറതോറും കർത്താവിന്റെ തിരുനാളായി ആചരിക്കണം. ഇതു നിങ്ങൾക്കു എന്നേക്കും ഒരു കൽപനയായിരിക്കും (പുറ. 12:14). കർത്താവിന്റെ ഈ കല്പന അനുസരിച്ചാണ് ഇസ്രായേൽക്കാർ പെസഹാ അനുഷ്ഠിച്ചു പോന്നത്. പഴയനിയമത്തിൽ പുരോഹിതൻ സ്വന്തം ജനങ്ങൾക്കും ജനങ്ങളുടെ പാപങ്ങൾക്കും പരിഹാരമായി മൃഗബലി അർപ്പിക്കേണ്ടിയിരുന്നു. കർത്താവിനായി കുറിച്ച ആടിനെ കൊണ്ടു വന്നു പാപപരിഹാരബലിയായി അർപ്പിക്കണം (ലേവ്യ. 16:10). ഈ രണ്ടു സംഭവങ്ങളെയും ഒന്നിച്ചാണു പുതിയനിയമത്തിൽ ക്രിസ്തു പെസഹാ/വി.കുർബാന സ്ഥാപിക്കുന്നത്.

## പ്രമേയം

പെസഹാകുഞ്ഞാടിനെ ബലികഴിക്കേണ്ടിയിരുന്ന പളിപ്പില്ലാത്ത അപ്പത്തിന്റെ ദിനം വന്നു ചേർന്നു (ലൂക്കാ. 22:7). പീഡാനുഭവത്തിനു മുമ്പ് യേശു തന്റെ ശിഷ്യന്മാരോടൊപ്പം പെസഹാ ആചരിക്കുന്നു. അപ്പവും പാനപാത്രവും എടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്തു ശിഷ്യന്മാർക്കു നല്കി കൊണ്ടു തന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ എന്ന് അവൻ അരുളിച്ചെയ്യുന്നു.

## സന്ദേശം

1. പരിത്യാഗത്തിന്റെയും പങ്കുവയ്ക്കലിന്റെയും സ്വയം മുറിച്ചു നല്കലിന്റെയും ഓർമ്മയാണു പെസഹാ. ഏകദേശം രണ്ടായിരം വർഷ ങ്ങൾക്കുമുമ്പ് തന്റെ സ്നേഹിതയായ, മണവാട്ടിയായ തിരുസഭയ്ക്ക് അവളോടുള്ള സ്നേഹത്തെപ്രതി ക്രിസ്തു തന്നെത്തന്നെ മുറിച്ചു നല്കി യതിന്റെ ഓർമ്മ നാം ഇന്നു ആചരിക്കുകയാണ്. പഴയ നിയമത്തിലെ സംഹാരദൂരന്റെ കടന്നുപോക്കിനെ അനുസ്മരിച്ചുകൊണ്ട്, ബലികഴിക്ക പ്പെടേണ്ട കുഞ്ഞാടിന് പകരം സ്വയം ഒരു ബലി. ക്രിസ്തു ഒരു പുതിയ ഉടമ്പടി-വി. കുർബാന സ്ഥാപിക്കുകയാണ്. ഒപ്പം യുഗാന്തം വരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും എന്ന വാഗ്ദാനം അവിടുന്നു നിറവേ റ്റുകയാണ്. ഇനിയെന്നും അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ തിരുശരീരരക്തമായി ക്രിസ്തു നമ്മോടൊപ്പം ഉണ്ടായിരിക്കും. ഓരോ പെസഹാ ആഘോഷത്തിലൂടെയും കുർബാനയിലൂടെയും നാം ഈ സംഭവത്തിന്റെ ഓർമ്മയാചരിക്കുകയാണ്. നിങ്ങൾ ഈ അപ്പം ഭക്ഷി ക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുക യാണ് ചെയ്യുന്നത് (1 കോറി. 11:26). പെസഹാ എന്നത് ഓർമ്മയാചരണ ത്തോടൊപ്പം ശിഷ്യത്വത്തിന്റെ ഓർമ്മപ്പെടുത്തലുമാണ്.

**2. പെസഹാ സഹനത്തിന്റെ പ്രതീകം**

ഇതെന്റെ ശരീരവും രക്തവുമാണെന്നു പറഞ്ഞു വാഴ്ത്തി വിഭജിച്ചു നല്കുന്നതിലൂടെ യേശു താൻ ഏറ്റെടുക്കാൻ പോകുന്ന സഹനത്തെയും കുരിശുമരണത്തെയും പ്രതീകാത്മകമായി അവതരിപ്പി ക്കുകയാണ്. തന്റെ പീഡനത്തിലൂടെയും കുരിശുമരണത്തിലൂടെയും സ്വയം മുറിച്ചുനല്കുന്നതിലൂടെ തനിക്കു മനുഷ്യനോടുള്ള സ്നേഹം വെളി പ്പെടുത്തുകയാണ്. ഇതുപോലെ മുറിക്കപ്പെടേണ്ട ശിഷ്യത്വത്തിലേ ക്കാണു യേശുക്രിസ്തു നമ്മെ ഓരോരുത്തരേയും ക്ഷണിക്കുക. കാരണം, മുറിക്കപ്പെടലിലൂടെയാണു യഥാർത്ഥമായ സ്നേഹം പ്രകടമാ ക്കപ്പെടുന്നത്. ക്രിസ്തു നടത്തിയ സഹനത്തിന്റെ പാതയിലൂടെ അപരന് അനുഗ്രഹമായി നാം മാറണം.

യേശു അപ്പവും പാനപാത്രവും നല്കിക്കൊണ്ടു ശിഷ്യരോടു പറയുന്നുണ്ട്, ഇത് നിങ്ങൾക്കു വേണ്ടി നല്കപ്പെടുന്ന എന്റെ ശരീരവും രക്തവുമാണെന്ന്. അത് എല്ലാവർക്കും വേണ്ടിയുള്ളതാണ്. ആരും അതിൽ നിന്ന് ഒഴിവാക്കപ്പെടുന്നില്ല. പാപിയെന്നോ പുണ്യവാനെന്നോ തരംതിരിവില്ലാതെ എല്ലാവർക്കുമായി യേശു തന്നെത്തന്നെ നൽകുകയാണ്. ദുഷ്ടന്റെയും ശിഷ്ടന്റെയും മേൽ ഒരു പോലെ കരുണയുടെയും രക്ഷയുടെയും മഴ പെയ്യിക്കുന്നവനാണു ക്രിസ്തു. തന്നോടൊപ്പം മേശയിലിരിക്കുന്ന യൂദാസ് ഒറ്റിക്കൊടുക്കുമെന്നറിഞ്ഞിട്ടും പത്രോസ് തള്ളിപ്പറയുമെന്നറിഞ്ഞിട്ടും ഓടിയൊളിക്കുമെന്നറിഞ്ഞിട്ടും യേശു എല്ലാവർക്കുമായി തന്റെ ശരീരവും രക്തവും വിഭജിച്ചു നല്കുകയാണ്. തരംതിരിവില്ലാതെ നമുക്കു നമ്മെത്തന്നെ മറ്റുള്ളവർക്കു നല്കുവാൻ സുവിശേഷം നമ്മെ പഠിപ്പിക്കുന്നു.

## ഉപസംഹാരം

ഇന്നു നാം പെസഹാ ആചരിക്കുമ്പോൾ, യഥാർത്ഥമായ പെസഹാ അനുഭവത്തിലേക്കു വരുവാൻ നമുക്കു സാധിക്കുന്നുണ്ടോ? നമുക്ക് ആത്മശോധന ചെയ്യാം. യേശുവിനോടൊപ്പം പെസഹാ ഭക്ഷിച്ചിട്ടും ശിഷ്യർക്കു യഥാർത്ഥമായ പെസഹാ അനുഭവത്തിലേക്കു വരുവാൻ സാധിച്ചില്ല. സാധിച്ചിരുന്നെങ്കിൽ യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കില്ലായിരുന്നു; പത്രോസ് തള്ളിപ്പറയുകയില്ലായിരുന്നു; മറ്റു ശിഷ്യന്മാർ ഓടിയൊളിക്കുകയില്ലായിരുന്നു. ക്രിസ്തുവിന്റെ മരണത്തിനു ശേഷം ഉത്ഥാനത്തിന്റെയും പെന്തിക്കോസ്തിയുടെയും അനുഭവത്തിലേക്ക് കടന്നുവന്നപ്പോൾ ശിഷ്യരിൽ യഥാർത്ഥമായ പരിവർത്തനം ഉണ്ടായി. ഈ ഒരു പരിവർത്തനം നമ്മിലും ഉണ്ടാകട്ടെ. ക്രിസ്തുവിനെ തിരിച്ചറിയാൻ നമുക്കും സാധിക്കട്ടെ....

# 2014 ഏപ്രിൽ 18
# ദുഃഖവെള്ളി

**ബ്രദർ ജോയേൽ ജോസഫ് ഒ. ഐ. സി.**

## ആമുഖം

ഉദാത്ത സ്നേഹത്തിന്റെ സർവ്വമാനങ്ങളും മനുഷ്യകുലത്തിന് അനുഭവവേദ്യമാക്കിയ ഒരു മഹാത്യാഗത്തിന്റെ കഥ പറയുകയാണ് ഈ ദുഃഖവെള്ളി. ദൈവത്തിന്റെ നിരുപാധികവും, നിസ്വാർത്ഥവും, ക്ഷമിക്കുന്നതുമായ സ്നേഹച്ചുരുൾ നിവർത്തിയ ത്യാഗപൂർണ്ണമായ കഥ. സ്വർഗ്ഗീയ മഹത്വം വെടിഞ്ഞ് മണ്ണിൽ ഇറങ്ങിയ ദൈവപുത്രന് മാനവർ മരക്കുരിശു മെനഞ്ഞ വേദനജനകമായ സംഭവം ഇന്നു നാം അനുസ്മരിക്കുകയാണ്. പ്രപഞ്ചവും പ്രപഞ്ചജീവജാലങ്ങളും പ്രപഞ്ചനാഥന് മനുഷ്യൻ നൽകിയ വിധിയുടെ മുമ്പിൽ പകച്ചു നിൽക്കുകയാണ്. എന്നാൽ അവനാകട്ടെ തന്റെ കുരിശുമരണത്തിലൂടെ പരാജയപ്പെടുന്നവർക്കും പീഡിതർക്കും ബലമില്ലാത്തവർക്കുവേണ്ടി പുതിയൊരു സദ്വാർത്തയുമായി കടന്നുവന്നു. കുരിശിനോടു ചേർത്തു കെട്ടപ്പെട്ട അവന്റെ ജീവിതം ഈ ലോകജനതയ്ക്കു രക്ഷയുടെ മാനം നൽകി. ഈ ദുഃഖവെള്ളിദിനത്തിലൂടെ നാം കടന്നുപോകുമ്പോൾ ആകാശത്തിനും ഭൂമിക്കുമിടയിൽ (ദൈവത്തിനും മനുഷ്യനും) കുരിശിൽ തൂങ്ങി നമ്മുക്കു വേണ്ടി മാധ്യസ്ഥം വഹിച്ച ക്രൂശിതന്റെ ദൈവിക സന്ദേശത്തെ ഉൾകൊള്ളാം.

## സ്നേഹത്തിന്റെ സന്ദേശം

യേശുവിന്റെ കുരിശുമരണത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ നാം ഓർക്കേണ്ട ഒരു വസ്തുതയുണ്ട്. ഓർക്കാപ്പുറത്തു വന്നു ഭവിച്ച ഒരു ദുരന്തമല്ല അവിടുത്തെ പീഡാനുഭവവും കുരിശുമരണവും; മറിച്ചു സ്നേഹപൂർവ്വം അവിടുന്നു സ്വയം ഏറ്റെടുത്തതാണ് (യോഹ. 10:18). പാപികളായ നമ്മോടുള്ള സ്നേഹത്തെപ്രതി അവിടുന്നു നമുക്കുവേണ്ടി ക്രൂശിൽ മരണം വരിച്ചു. സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല (യോഹ. 15:13) എന്നരുളിചെയ്ത അവിടുന്ന് പഠിപ്പിച്ച കാര്യം ജീവിതത്തിൽ പ്രാവർത്തികമാക്കുകയാണ്.

കാൽവരിമലയിൽ ഉയർന്നുനിൽക്കുന്ന കുരിശ് സ്നേഹത്തിന്റെ സന്ദേശം നമ്മെ പഠിപ്പിക്കുന്നു-നിസ്വാർത്ഥ സ്നേഹത്തിന്റെ സന്ദേശം. തിരിച്ചുകിട്ടുമെന്ന പ്രതീക്ഷയോടെയല്ല അവിടുന്നു നമ്മെ സ്നേഹിച്ചത്. അവിടുത്തെ സ്നേഹത്തിനു പ്രതിബന്ധങ്ങളില്ല. ഒരിക്കൽ മദർ തെരേസ യുടെ പ്രവർത്തനങ്ങളോടു കടുത്ത എതിർപ്പു പ്രകടിപ്പിച്ച കാളിഘട്ടിലെ പൂജാരിക്കു അതികഠിനമായ ക്ഷയരോഗം ബാധിച്ചു. ചുമച്ചു ചോര ഛർദ്ദിച്ച് അവശനായി അയാൾ പല ആശുപത്രികളിലും കയറിയിറങ്ങി. ആരും അയാളെ സ്വീകരിച്ചില്ല. ഒടുവിൽ നിരാശനായി അയാൾ മദറിന്റെ സന്നിധിയിലെത്തുന്നു. മനസ്സും ശരീരവും പതറുന്ന ആ മനുഷ്യനെ വളരെയധികം സ്നേഹത്തോടെ മദർ ശുശ്രൂഷിച്ചു. ഏതാനും ദിവസ ങ്ങൾക്കകം അയാൾ സുഖം പ്രാപിച്ചു. പൂജാരി മദറിന്റെ കാൽക്കൽ വീണു പറഞ്ഞു. അമ്മേ, അമ്മ ദേവിയാണ്, ഞാൻ മുപ്പതുവർഷമായി ദേവിയെ പൂജിക്കുന്നു. പക്ഷെ ആ ദേവി മനുഷ്യാവതാരം ധരിച്ച് ഇതു പോലെ നിൽക്കുന്നത് ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ആ പൂജാരി വളരെ സന്തോഷത്തോടെ അവിടെനിന്നു യാത്ര തിരിക്കുകയാണ്. മനുഷ്യാവ താരം ധരിച്ചു നമ്മെ രക്ഷിക്കാൻ മന്നിൽ ഇറങ്ങിയ ദൈവത്തിന്റെ സ്നേഹം ഇതിലും എത്രയോ മടങ്ങാണ്. ഉള്ളതു നൽകിയല്ല, ഉള്ളു നൽകിയാണ് അവിടുന്നു സ്നേഹിച്ചത്. നമുക്കും അവനെ ഉള്ളു തുറന്നു സ്നേഹിക്കാൻ കഴിയണം. ദൈവത്തോടുള്ള നമ്മുടെ സ്നേഹം വെറും ഭംഗിവാക്കായിരിക്കരുത്. എങ്ങനെയാണ് ദൈവസ്നേഹം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടത്? പരസ്നേഹത്തിലൂടെ വേണം നമ്മുടെ ദൈവസ്നേഹം അനുഭവവേദ്യമാക്കാൻ. ദൈവസ്നേഹവും പരസ്നേഹവും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. സഹോദര സ്നേഹമില്ലാത്തവൻ ദൈവസ്നേഹമുണ്ട് എന്നു പറയുന്നത് കള്ളമാണ്. ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുന്നവൻ സഹോദരനെ ദ്വേഷി ച്ചാൽ അവൻ കള്ളം പറയുന്നു. കാരണം കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാൻ കഴിയാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹി ക്കാൻ കഴിയില്ല. ഓരോ ക്രൈസ്തവന്റേയും അടയാളം സ്നേഹമായിരി ക്കണം. സ്നേഹം എന്ന ഒറ്റ സുകൃതത്തിലാണ് നമ്മുടെ ക്രിസ്തീയത മുഴുവൻ. ക്രിസ്തു പഠിപ്പിച്ച സ്നേഹത്തിന്റെ കല്പന നമ്മുടെ ജീവിത ത്തിൽ പാലിക്കാം എന്നു നമുക്കു പ്രതിജ്ഞ ചെയ്യാം.

## ക്ഷമയുടെ സന്ദേശം

ക്ഷമിക്കുന്ന സ്നേഹം ദൈവിക ഭാവം
നാഥൻ കൊതിക്കും സ്വഭാവം
ക്ഷമിക്കുന്ന സ്നേഹം സ്വർഗ്ഗീയ ഭാവം
മന്നിൽ സമാധാന മാർഗ്ഗം.

മനോഹരമായ ഈ ഗാനം നാം കേട്ടിട്ടുള്ളതാണ്. ദൈവത്തിന്റെ സ്വഭാവമാണ് ക്ഷമിക്കുക എന്നുള്ളത്. നാഥൻ കൊതിക്കുന്ന സ്വഭാവ മാണ് ക്ഷമ. എത്ര പ്രാവശ്യം ക്ഷമിക്കണം എന്നുള്ള പത്രോസിന്റെ ചോദ്യത്തിനു യേശു കൊടുത്ത മറുപടി ഏഴു എഴുപതു പ്രാവശ്യം (മത്താ. 18:21-22) എന്നാണ്. പരിധിയും പരിമിതിയുമില്ലാത്തതാണ് ദൈവത്തിന്റെ ക്ഷമ. ഈ ക്ഷമയാണ് നാം കുരിശിൽ കാണുന്നത്. തന്നെ പീഡിപ്പിക്കുന്നവരെയും പരിഹസിക്കുന്നവരേയും നോക്കി അവിടുന്നു പറയുന്നു. "പിതാവേ ഇവർ ചെയ്യുന്നത് എന്തെന്നു ഇവർ അറിയുന്നില്ല ഇവരോടു ക്ഷമിക്കണമേ" (ലൂക്കാ. 23:34). ദൈവത്തിന്റെ കാരുണ്യവും ക്ഷമയും നേടിത്തന്നവൻ സ്വന്തം ശത്രുക്കളോടു ക്ഷമിക്കണമെന്ന പാഠം നമ്മെ പഠിപ്പിക്കുന്നു. എന്തുകൊണ്ടാണു യേശു ഇവരോടു ക്ഷമിക്കാൻ പറയുന്നത്? "ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയുന്നില്ല" എന്ന താണ് കാര്യം. തെറ്റിന്റെ കാഠിന്യം പാപി മനസ്സിലാക്കുന്നില്ല. മനസ്സിലാക്കി യിരുന്നെങ്കിൽ അവൻ പാപം ചെയ്യില്ലായിരുന്നു. യേശു ദൈവപുത്ര നാണെന്ന ബോധ്യം ഉണ്ടായിരുന്നെങ്കിൽ പടയാളികൾ അവിടുത്തെ ദ്രോഹിക്കുകയില്ലായിരുന്നു, അവിടുത്തെ പരിഹസിക്കില്ലായിരുന്നു. ഓരോരുത്തരും അറിവില്ലായ്മയിൽ ഈശ്വരനോടും സഹോദരനോടും ചെയ്യുന്ന ഓരോ തെറ്റിനും യേശു ക്ഷമ ചോദിക്കുന്നു. പിതാവേ ഇവർ ചെയ്യുന്നത് ഇവർ അറിയുന്നില്ല, ഇവരോടു ക്ഷമിക്കണമേ. കർത്താ വിന്റെ കാരുണ്യം കൈനീട്ടിവാങ്ങിയാൽ മാത്രം പോരാ. പരസ്പരം കാരുണ്യം കാണിക്കുവാനും ക്ഷമിക്കുവാനും പഠിക്കണം. ക്ഷമിക്കു ന്നവർക്കാണ് യഥാർത്ഥ ദൈവസ്വരം തിരിച്ചറിയുവാൻ സാധിക്കുന്നത്. കുരിശിൽ കിടന്നു നമ്മോടു ക്ഷമിച്ചതു വഴി അവിടുന്നു കാണിച്ചു തന്നത് നമ്മുടെ പാപങ്ങളെക്കുറിച്ചുള്ള ഒരു തിരിച്ചറിവാണ്, നമ്മുടെ പാപത്തിന്റെ കഠിനതയാണ്; അതുപോലെ ക്ഷമയുടെ ആദ്യ പാഠവും. നാം

മറ്റുള്ളവരോടു ക്ഷമിക്കുകവഴി അപരന്റെ തെറ്റിനെ, പാപത്തെ യാണ് ചൂണ്ടികാണിക്കുന്നത്. അതുവഴി പുതിയജീവനിലേ ക്കുള്ള പാതയൊരുക്കികൊടുക്കലുമാണ്.

## വിചിന്തനം

ഒരു ദുഃഖവെള്ളികൂടി നമ്മെ കടന്നുപോകുന്നു. നാളിതുവരെ ഒട്ടേറെ ദുഃഖവെള്ളികൾ നാം പിന്നിട്ടു. അവ എന്നിൽ എന്ത് അന്തരം സൃഷ്ടിച്ചു? ഓരോ ദുഃഖവെള്ളിയിലും എന്നിൽ വരുത്തേണ്ട പരിവർ ത്തനം എന്താണ്? കുരിശിൽ കിടക്കുന്ന യേശുവിനെ ദർശിക്കുക. അപ്പോൾ സ്നേഹത്തിന്റെ ക്ഷമയുടെ, സഹനത്തിന്റെ ദർശനങ്ങൾ കാണാൻ സാധിക്കും. ആ ദർശനങ്ങളെ നമ്മുടെ കുരിശിനോടു ചേർ ത്തുവയ്ക്കണം. അപ്പോൾ ബലഹീനരുടേയും പീഡിതരുടേയും ദുഃഖിത രുടേയും മദ്ധ്യേ ഉയിർപ്പിന്റെ സദ്വാർത്തയുമായി നമുക്കു കടന്നു ചെല്ലാ നാകും. അതിനാൽ നമുക്കു ഈ ദുഃഖവെള്ളിയെ സ്നേഹത്തിന്റെയും രക്ഷയുടേയും സഹനത്തിന്റെയും സമാധാനത്തിന്റേയും ക്ഷമയുടേയും പര്യായമായി മാറ്റിത്തീർക്കാം.

# 2014 ഏപ്രിൽ 19
# ദുഃഖശനി

റോമ. 6:1-11; മത്താ. 27:62-66

**ബ്രദർ മോൻസ് വർഗ്ഗീസ് ഒ. ഐ. സി.**

## പശ്ചാത്തലം

ആദിമ നൂറ്റാണ്ടിൽ ക്രിസ്തുവിന്റെ ഉയിർപ്പിനെക്കുറിച്ചു യഹൂദരുടെ ഇടയിൽ ഏറെ പ്രചാരണത്തിലുണ്ടായിരുന്ന കഥ, യേശുശിഷ്യൻമാർ യേശുവിന്റെ മൃതശരീരം മോഷ്ടിച്ചതിനുശേഷം യേശു ഉയിർത്തെഴുന്നേറ്റതായി പ്രചരിപ്പിച്ചു എന്നതാണ്. ഇതിനെ പ്രതിരോധിക്കാൻവേണ്ടിയാണ് വി. മത്തായി ശ്ലീഹാ ഈ സുവിശേഷ ഭാഗം രചിച്ചിരിക്കുന്നത്. മുഖ്യ പുരോഹിതൻമാരും ഫരിസേയരും പീലാത്തോസിന്റെ അടുക്കൽ ച്ചെന്ന് യേശുവിനെ അടക്കിയിരിക്കുന്ന കല്ലറയ്ക്കു കാവലേർപ്പെടുത്തണം എന്നുള്ള ആവശ്യം പ്രകടിപ്പിക്കുന്നതും, അതിനുശേഷം കാവലേർപ്പെടുത്തുന്നതുമായിട്ടുള്ള സംഭവമാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. യഹൂദ ക്രൈസ്തവരെ ഉദ്ദേശിച്ചു സുവിശേഷം രചിച്ച വി. മത്തായി ശ്ലീഹാ മാത്രമാണ് ഈ സംഭവം വിവരിക്കുന്നത്. ഇവിടെ പ്രസ്താവ്യമായ മറ്റൊരു സംഗതി സാബത്തിന്റെ അക്ഷരാർത്ഥത്തിലുള്ള ആചരണത്തിനു വളരെയേറെ പ്രാധാന്യം കൽപ്പിച്ചിരുന്ന ഫരിസേയരും യഹൂദ പുരോഹിതൻമാരും സാബത്തിന്റെ നിയമങ്ങളെല്ലാം മാറ്റിവച്ചുകൊണ്ടാണ് യേശുവിനെക്കുറിച്ചുള്ള എല്ലാ ഓർമ്മകളും നശിപ്പിക്കുവാൻ ഒരുമ്പെട്ടിറങ്ങുന്നത്.

## പ്രമേയം

യേശു ദൈവമാണെന്നുള്ള സത്യം മനസ്സിലാക്കുവാൻ സാധിക്കാതെ പോയ യഹൂദ നേതാക്കൾ ഇതു പ്രചരിക്കാതിരിക്കാനുള്ള മുൻകരുതൽ

നടത്തുകയാണ്. ദൈവത്തെക്കുറിച്ചുള്ള മിഥ്യാബോധ മാണ് അവരുടെ ഈ അജ്ഞതയ്ക്കു കാരണം. ഈ വചനഭാഗം മുമ്പോട്ടു വയ്ക്കുന്ന സുപ്രധാന പ്രമേയം യേശുവിനെക്കുറിച്ചുള്ള ഓർമ്മകൾ ഇല്ലായ്മ ചെയ്യുവാൻ ശ്രമിക്കുന്ന യഹൂദ പണ്ഡിതൻമാരിൽനിന്നു വിഭിന്നമായി എങ്ങനെ ഒരു വിശ്വാസി യേശുവിനെ മനസ്സിൽ പേറിക്കൊണ്ട് അവനു വേണ്ടി കാത്തിരിക്കണം എന്നതാണ്. ഈ കാത്തിരിപ്പാണു വിശ്വാസി യുടെ മുദ്ര. ജീവിതത്തിന്റെ ഏകാന്ത നിമിഷങ്ങളിൽ, ദൈവം അകലെ യാണ്, അവൻ എന്റെ പ്രാർത്ഥന കേൾക്കുന്നില്ല എന്നു മനസ്സു മന്ത്രി ക്കുമ്പോൾ പ്രത്യാശ കൈവിടാതെ ക്ഷമയോടെ ദൈവത്തിനുവേണ്ടി കാത്തിരിക്കുവാനാണ് ഓരോ ദുഃഖശനിയും നമ്മെ ആഹ്വാനം ചെയ്യുക. ക്ഷമയോടുള്ള കാത്തിരിപ്പിന്റെ ഒരു ആത്മീയത യിലേക്കാണു ദുഃഖശനി നമ്മെ ക്ഷണിക്കുന്നത്.

## സന്ദേശം

ദുഃഖശനിയാഴ്ച വൈകുന്നേരം മുതൽ പിറ്റേന്നു രാവിലെവരെ ഉയിർപ്പിനുവേണ്ടി വിശ്വാസികൾ കാത്തിരുന്ന പതിവ് ആദ്യനൂറ്റാണ്ടു കളിൽ ഉണ്ടായിരുന്നു. യേശുവിനെ പടയാളികൾ തടവിലാക്കിയപ്പോൾ പലവഴിക്കു ഓടി രക്ഷപ്പെട്ട ശിഷ്യൻമാർ വീണ്ടും ഒത്തുചേർന്നത് ദുഃഖ ശനിയാഴ്ച ദിവസമാണെന്നുള്ള പാരമ്പര്യം ആദിമസഭയിൽ പ്രചാര ത്തിലുണ്ടായിരുന്നു. പിറ്റേദിവസം യേശു ഉയിർത്തെഴുന്നേൽക്കുമെ ന്നുള്ള വിശ്വാസത്തിൽ ചിലരെങ്കിലും കാത്തിരുന്നിട്ടുണ്ടാകാം. ഈ കാത്തിരിപ്പു ത്തന്നെയാണ് ക്രിസ്തുവിന്റെ അനുയായികളായ നമ്മൾ ഓരോരുത്തരും ദുഃഖശനിയാഴ്ച ദിവസം നടത്തുന്നത്. കാത്തിരിപ്പിന്റെ ആദ്ധ്യാത്മികത യെക്കുറിച്ചു വിശദമായി ചിന്തിക്കുവാൻ ഈ ദിവസം നമുക്കു പ്രയോ ജനപ്പെടുത്താം. കാത്തിരിപ്പ് ഒരു യാത്രയാണ്. നാം പ്രതീക്ഷിക്കുന്ന ലക്ഷ്യത്തിലേക്കു എത്തിച്ചേരുവാനുള്ള ക്ഷമയോടെയുള്ള യാത്ര. സഖറിയാ പ്രവാചകനോടു നിന്റെ ഭാര്യ ഒരു മകനെ പ്രസവിക്കുമെന്നു ദൂതൻ പറഞ്ഞപ്പോഴും, വി.

കന്യകാമറിയത്തോടു നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കുമെന്നു ദൈവദൂതൻ പറഞ്ഞ നിമിഷത്തിലും അവർ ഒരു കാത്തിരിപ്പിന്റെ യാത്ര യ്ക്കാണ് ആരംഭംകുറിച്ചത്. ഈ യാത്രയിൽ അവരുടെ ശക്തി അവർക്കു ലഭിച്ച ദൈവവാഗ്ദാനമാണ്. ദുഃഖശനിയും ഒരു വാഗ്ദാനത്തിന്റെ പൂർത്തീകരണത്തിനുവേണ്ടിയുള്ള കാത്തിരി പ്പാണ്. യേശു തന്റെ പരസ്യജീവിത കാലത്തു തന്റെ പീഡാനുഭവത്തേയും ഉത്ഥാനത്തെയുംകുറിച്ചു പല പ്രാവശ്യം പ്രവചിക്കുന്നുണ്ട്. മർക്കോസ് 9:31–ൽ നാം ഇപ്രകാരം വായിക്കുന്നു, "അവൻ പറഞ്ഞു, മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏൽപിക്കപ്പെടുകയും അവർ അവനെ വധി ക്കുകയും ചെയ്യും. എന്നാൽ അവൻ വധിക്കപ്പെട്ടു മൂന്നു ദിവസം കഴിയുമ്പോൾ ഉയിർത്തെഴുന്നേൽക്കും." ഈ വാഗ്ദാനം ക്രൈസ്തവ ജീവിതത്തിന്റെ ആകെത്തുകയാണ്, എല്ലാ പ്രതീക്ഷകളുടെയും അടിസ്ഥാനമാണ്. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ പിൽക്കാലത്തു പറയുന്നത്: "നമ്മുടെ കർത്താവായ യേശുക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസവും ഞങ്ങളുടെ പ്രസംഗവും വ്യർത്ഥം" (1 കോറി. 15:14). ക്രൈസ്തവ വ്യക്തിത്വം സ്ഥാപിക്കപ്പെട്ട ഉയിർപ്പിന്റെ അടിസ്ഥാന വാഗ്ദാനം നിറവേറുന്നത് കാത്തിരിക്കുന്നതാണ് ഓരോ ദുഃഖശനിയും.

ഒരു വിത്തു ഭൂമിയിൽ കുഴിച്ചിട്ട് മുളപൊട്ടിവരുന്നത് പ്രതീക്ഷിച്ചു കൊണ്ടു കർഷകൻ കാത്തിരിക്കുമ്പോൾ അവന്റെ മനസ്സിൽ ഭൂമിയുടെ ഉദരത്തിൽ എന്തോ നടക്കുന്നു എന്ന ശക്തമായ ചിന്തയും പ്രത്യാശ യുമുണ്ട്. അതിനാൽത്തന്നെ കാത്തിരിപ്പ് പ്രവർത്തനനിരതമായ ക്ഷമ യോടെയുള്ള കാത്തിരിപ്പാണ്. സീമോൻ വേയ്ൻ എന്ന ചിന്തകൻ പറയു ന്നത് ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാനം പ്രതീക്ഷയോടും, ക്ഷമ യോടും കൂടെയുള്ള കാത്തിരിപ്പാണ് എന്നാണ്. സങ്കീർത്തകനും നമ്മോടു പങ്കുവയ്ക്കുന്നതു മറ്റൊന്നുമല്ല സങ്കീ. 27:14–ൽ നാം വായിക്കുന്നു. ‘‘ദുർബ്ബലരാകാതെ ധൈര്യം അവലംബിക്കുവിൻ. കർത്താവിനുവേണ്ടി കാത്തിരിക്കുവിൻ." കർത്താവ് തീർച്ചയായും ഉയിർത്തെഴുന്നേൽക്കും എന്ന വാഗ്ദാനമാണ് ദുഃഖശനിയുടെ

കാത്തിരിപ്പിന് അർത്ഥം പകരു ന്നത്. വിശ്വാസത്തിന്റെ തലത്തിൽനിന്നുകൊണ്ടുള്ള ധീരമായ തീരുമാനവും മനോഭാവവുമാണു കാത്തിരിപ്പ്.

കാത്തിരിപ്പു വിശുദ്ധീകരിക്കപ്പെടുന്നതു ദൈവത്തിൽ പ്രത്യാശ യർപ്പിച്ചുകൊണ്ടു ദൈവം തരുന്ന എന്തിനെയും സ്വീകരിക്കുവാനുള്ള മനോഭാവത്തിലേയ്ക്കു വളരുമ്പോഴാണ്. ആർച്ചുബിഷപ്പ് ഫുൾട്ടൻ ജെ. ഷീനിന്റെ വാക്കുകളിൽ കാത്തിരിപ്പ് ഒരു ശക്തിയാണ്; കാരണം അതു ദൈവത്തിന്റെ സമയത്തിനായിട്ടും, നമ്മുടെ നന്മകൾക്കായിട്ടുമുള്ള കാത്തിരിപ്പാണ്. അതിനാൽ നമ്മുടെ ആഗ്രഹങ്ങൾക്കും അഭിലാഷ ങ്ങൾക്കും അപ്പുറമായി ദൈവം നന്മ മാത്രമേ ജീവിതത്തിൽ വരുത്തു കയുള്ളു എന്നു പ്രതീക്ഷിച്ചുകൊണ്ടു കാത്തിരിക്കണം. ദുഃഖങ്ങളിലൂ ടെയും സഹനങ്ങളിലൂടെയും കടന്നുപോകുമ്പോൾ ദൈവത്തിന്റെ നന്മയിലേക്കാണു നാം പ്രവേശിക്കുന്നത് എന്ന ചിന്ത വളർത്തുവാൻ നമുക്കു സാധിക്കണം. മാനുഷികമായി നാം ചിന്തിക്കുമ്പോൾ ഒരു പക്ഷേ കാത്തിരിപ്പു വിരസമായിട്ടും നമ്മുടെ പ്രതീക്ഷകൾക്കു വിപരീത മായിട്ടും നമുക്കു തോന്നാം. എന്നാൽ ദൈവത്തിൽ എല്ലാമർപ്പിച്ചു കൊണ്ട് പ്രതീക്ഷയോടെ ദൈവത്തിന് എല്ലാം വിട്ടുകൊടുത്തുകൊണ്ടു, എന്തിനേയും സ്വീകരിക്കുന്ന തലത്തിലേക്ക് ഉയർന്നു ചിന്തിക്കുവാൻ കാത്തിരിപ്പിന്റെ ആത്മീയത നമ്മെ ക്ഷണിക്കുന്നു.

നമുക്കു ഈ ദുഃഖശനി ദിവസം ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ പ്രത്യാശ അർപ്പിച്ചുകൊണ്ടു കാത്തിരിക്കാം. യേശുവിന്റെ ഉയിർപ്പിനായി, അവന്റെ ഉയിർപ്പു നമ്മുടെ ജീവിതത്തെ സ്പർശിക്കുന്നതിനും, അതിനും അപ്പുറം നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ എന്തിനേയും ക്ഷമയോടെ സഹിക്കുന്നതിനും ദൈവം നൽകുന്ന എന്തിനേയും സന്തോഷത്തോടെ സ്വീകരിക്കുന്നതിനും നമുക്കു കാത്തിരിക്കാം.



# 2014 ഏപ്രിൽ 20
# കൃംതാ (ഉയിർപ്പ് പെരുന്നാൾ)

മത്താ. 28:1–10; പുറ. 40:1–15; പ്രഭാ. 30:21–24; ഏശ 57:14–21; അപ്പ.പ്ര. 2:29–36; 1കോരി. 15:1–11; യോഹ. 20:1–10

**ബ്രദർ ജോഷി റയ്മണ്ട് ഒ. ഐ. സി.**

## ആമുഖം

ഇന്ന് തിരുസഭ നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രമായ ഉയിർപ്പു തിരുനാൾ ആഘോഷിക്കുകയാണ്. പൗരസ്ത്യ ആരാധനക്രമത്തിൽ യേശുവിന്റെ ഉയിർപ്പുതിരുനാളിനു സഭാപിതാക്കൻമാർ വലിയ പ്രാധാന്യം നൽകുന്നുണ്ട്. അതുകൊണ്ടുതന്നെ തിരുനാളുകളുടെ തിരുനാൾ എന്നാണ് ഉയിർപ്പുതിരുനാൾ അറിയപ്പെടുന്നത്. പാപത്തിന്റേയും, മരണത്തിന്റേയും, സാത്താന്റേയും മേൽ വിജയം വരിച്ചുകൊണ്ടു ഉയിർത്തെഴുന്നേറ്റ യേശുനാഥൻ ഉയിർപ്പിന്റെ പ്രത്യാശയിലേക്ക് വിശ്വാസികളായ ഓരോരുത്തരേയും ക്ഷണിക്കുന്നു. പാപത്തിൽ നിന്ന് പുണ്യത്തിലേയ്ക്കും, മരണത്തിൽ നിന്ന് ജീവനിലേയ്ക്കും, സാത്താനിൽ നിന്ന് സർവോപരി ദൈവത്തിലേയ്ക്കും കടന്നുവരുവാനുള്ള ആഹ്വാനമാണിത്.

## പശ്ചാത്തലം

യേശുവിന്റെ പീഡാനുഭവത്തിനും, കുരിശുമരണത്തിനും ശേഷം, സാബത്തിനുമുമ്പ്, യേശുവിന്റെ രഹസ്യശിഷ്യനായി കഴിഞ്ഞിരുന്ന അരിമത്തിയാക്കാരൻ ജോസഫും (യോഹ. 19:38) നിക്കോദേമോസും (യോഹ. 19:39) ചേർന്ന്, പീലാത്തോസിന്റെ അനുവാദപ്രകാരം, യേശുവിന്റെ ശരീരം, യഹൂദരുടെ ശവസംസ്കാരരീതിയനുസരിച്ച്, യേശുവിനെ ക്രൂശിച്ച തോട്ടത്തിലെ പുതിയ കല്ലറയിൽ സംസ്ക്കരിക്കുന്നതാണ് ഈ സുവിശേഷഭാഗത്തിന്റെ പശ്ചാത്തലം.

## പ്രമേയം

യേശുവിന്റെ ഉത്ഥാനമാണ് (ശൂന്യമായ കല്ലറ യോഹ. 20:1-10) ഈ സുവിശേഷഭാഗത്തിന്റെ പ്രധാന പ്രമേയം. അതിരാവിലെ യേശുവിന്റെ ശവകുടീരത്തിലേക്കു വരുന്ന മഗ്ദലേനമറിയം, ശവകുടീരത്തിന്റെ കല്ലുമാറ്റപ്പെട്ടിരിക്കുന്നതു കണ്ട്, യേശുവിനെ അവർ (ക്രൂശിച്ചവർ) കല്ലറയിൽ നിന്നും മാറ്റിയിരിക്കുന്നു എന്നാണ് മനസ്സിലാക്കുന്നത്. മഗ്ദലേന മറിയത്തിൽ നിന്ന് ഈ വാർത്തയറിഞ്ഞ് ശവകുടീരം സന്ദർശിക്കുന്ന പത്രോസും, യേശു സ്നേഹിച്ചിരുന്ന മറ്റേ ശിഷ്യനും (വി. യോഹന്നാൻ) യേശുവിന്റെ ശവകുടീരത്തിനുള്ളിൽ പ്രവേശിച്ച്, കച്ച അവിടെ കിടക്കുന്നതും, തലയിൽ കെട്ടിയിരുന്ന തൂവാല കച്ചയോടുകൂടെയല്ലാതെ തനിച്ച് ഒരിടത്തു ചുരുട്ടി വച്ചിരിക്കുന്നതു കാണുകയും, (യോഹ. 20:7) യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കേണ്ടിയിരിക്കുന്നു എന്ന തിരുവെഴുത്ത് മനസ്സിലാക്കി (യോഹ. 20:9,10) മടങ്ങിപോകുകയും ചെയ്യുന്നു.

## വിചിന്തനം

### 1. ക്രൈസ്തവജീവിതം ഉയിർപ്പിന്റെ ജീവിതം

ക്രൈസ്തവജീവിതം മരണസംസ്ക്കാരത്തിൽ നിന്ന് ജീവന്റെ സംസ്ക്കാരത്തിലേക്കുള്ള ഒരു ഉയിർത്തെഴുന്നേല്പാണ്. ഉയിർപ്പിന്റെ ജീവിതം നയിക്കുക എന്നതാണ് ഓരോ ക്രൈസ്തവന്റേയും നിയോഗം. മാമ്മോദീസായിലൂടെ തിരുസഭയിൽ അംഗങ്ങളായിരിക്കുന്ന ഓരോരുത്തരും ക്രിസ്തുവിനോടൊപ്പം സംസ്ക്കരിക്കപ്പെട്ട് ക്രിസ്തുവിനോടൊപ്പം ഉയിർപ്പിക്കപ്പെട്ടവരാണ് (റോമ. 6:4). മരണവും, മരണാനന്തരജീവിതവും പ്രഹേളികളായി മനുഷ്യന്റെ മുമ്പിൽ നിൽക്കുമ്പോൾ ക്രിസ്തുവിനോടൊപ്പം ഉയിർപ്പിക്കപ്പെട്ട ജീവിതം എന്നത് വരാനിരിക്കുന്ന ഒരു പുതിയ ലോകത്തിൽ സംഭവിക്കേണ്ട ഒന്ന് എന്നതിലുപരി ഇന്നിന്റെ ജീവിത സാഹചര്യങ്ങളിൽ സംഭവിക്കേണ്ട ഒന്നായിട്ട് വേണം മനസ്സിലാക്കാൻ.

### 2. ഉയിർപ്പ്: രക്ഷണീയ വ്യാപാരങ്ങളുടെ പൂർണ്ണത

വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം 15-ാം അദ്ധ്യായം 17-ാം വാക്യത്തിൽ പറയുന്നതുപോലെ "ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ്." ഇങ്ങനെ യേശുവിലൂടെ പൂർത്തിയാകുന്ന രക്ഷണീയവ്യാപാരങ്ങളുടെ പൂർണ്ണത യേശുവിന്റെ ഉയിർപ്പിലാണ് സംഭവിക്കുന്നത്. കാരണം, ഉയിർപ്പാണ് ബാക്കിയുള്ള എല്ലാ രക്ഷണീയ വ്യാപാരങ്ങൾക്കും അർത്ഥം നൽകുന്നത്. യേശുവിന്റെ മനുഷ്യാവതാരവും, മാമ്മോദീസായും, പീഡാനുഭവവും, കുരിശുമരണവുമെല്ലാം രക്ഷാകരമായി തീരുന്നതു യേശുവിന്റെ ഉത്ഥാനത്തിലൂടെയാണ്. അതുകൊണ്ടുതന്നെയാണ് പൗരസ്ത്യസഭയിൽ യേശുവിന്റെ ഉത്ഥാനത്തിന് വലിയ പ്രാധാന്യം നൽകുന്നതും, ആരാധനയിൽ ഉത്ഥിതനായ ക്രിസ്തുവിന്റെ പ്രതീകമായ ക്രൂശിതരൂപം ഇല്ലാത്ത കുരിശ് ഉപയോഗിക്കുന്നതും.

### 3. ഉയിർപ്പ് : ഒരു തിരിച്ചറിവ്

യേശു വാക്കുകളുടേയും, പ്രവൃത്തികളുടേയും അർത്ഥം ശിഷ്യൻമാർ തിരിച്ചറിയുന്നതു യേശുവിന്റെ ഉയിർപ്പിനുശേഷമാണ്. അതുകൊണ്ടാവണം 'ശൂന്യമായ കല്ലറ' യേശു ഉയിർത്തെഴുന്നേറ്റു എന്നതിനുള്ള തെളിവായി, തിരിച്ചറിവായി ശിഷ്യൻമാർക്കു മാറിയത്. ഈ തിരിച്ചറിവാണ് ഓരോ ക്രൈസ്തവന്റേയും ജീവിതത്തെ മുന്നോട്ടുനയിക്കേണ്ടത്. ഈ വിശ്വാസത്തിന്റെ ആഴക്കുറവാണ് നമ്മുടെ വിശ്വാസജീവിതത്തിൽ നാം നേരിടുന്ന ഏറ്റവും പ്രധാന വെല്ലുവിളി. കാരണം, ഇന്ന് ക്രൈസ്തവ ദേവാലയങ്ങളിൽ ആരാധനയ്ക്കു വിശ്വാസിസമൂഹത്തിന്റെ ഭാഗഭാഗിത്വത്തിൽ കുറവ് അനുഭവപ്പെടുന്നുണ്ടെങ്കിൽ ഈ വിശ്വാസസത്യം വേണ്ടവിധം മനസ്സിലാക്കുന്നില്ല, അല്ലെങ്കിൽ തിരിച്ചറിയുന്നില്ല എന്നുള്ളതു തന്നെയാണ്. ഈ വിശ്വാസത്തിൽ വളരാനും ആഴപ്പെടാനും നമുക്കു പരിശ്രമിക്കാം.

## ഉപസംഹാരം

ക്രൈസ്തവവിശ്വാസം ചോദ്യം ചെയ്യപ്പെടുകയും, വളരെയേറെ വിശ്വാസികൾ കത്തോലിക്കാവിശ്വാസം ഉപേക്ഷിച്ചുപോകുകയും ചെയ്യുന്ന ഈ ആധുനിക സാഹചര്യത്തിൽ, ഉയിർപ്പുതിരുനാൾ ആഘോഷിക്കുമ്പോൾ അതിന് വളരെ വലിയ പ്രസക്തിയുണ്ട്. നമ്മുടെ വിശ്വാസത്തിന്റെ ആഴം മനസ്സിലാക്കുവാനും, നമ്മുടെ വിശ്വാസജീവിതത്തെ ശക്തിപ്പെടുത്തുവാനുമുള്ള ഒരവസരമാണിത്. സർവ്വോപരി മാമ്മോദീസായിലൂടെ നാം സ്വീകരിച്ച പുനരുത്ഥാനത്തിന്റെ അനുഭവം പുതുക്കിക്കൊണ്ട് അനുദിന ജീവിതത്തിൽ ഉയിർത്തെഴുന്നേറ്റ യേശുവിന്റെ ജീവിക്കുന്ന സാക്ഷികളായി നമുക്കുമാറാം. ഉയിർത്തെഴുന്നേറ്റ യേശുവിന്റെ സജീവ സാന്നിധ്യം ഇന്ന് നമുക്കു ലഭ്യമാകുന്നതു വി. കുർബ്ബാനയിലൂടെയാണ്. അതുകൊണ്ടാണ് അനുദിനം പരിശുദ്ധ കുർബ്ബാനയിലൂടെ യേശുനാഥൻ നമ്മിലേക്ക് കടന്നുവരുന്നത്. വി. കുർബ്ബാന കൊടുക്കുമ്പോൾ പുരോഹിതൻ ചൊല്ലുന്ന ഒരു പ്രാർത്ഥനയുണ്ട്. “നമ്മുടെ ദൈവമായ മിശിഹാ തമ്പുരാന്റെ തിരുശരീരവും തിരുരക്തവുമാകുന്ന തീക്കട്ട പാപ മോചനത്തിനും നിത്യജീവനുമായി നൽകപ്പെടുന്നു”. (വി. കുർബ്ബാന തക്സ, പേജ് 72) ഇങ്ങനെ ഇഹലോകത്തിലും പരലോകത്തിലും ഒരുപോലെ ജീവൻ നൽകുന്ന അപ്പമായി ഉയിർത്തെഴുന്നേറ്റ യേശുനാഥൻ ഓരോ വി. കുർബ്ബാനയിലൂടെയും നമ്മിലേക്കു കടന്നുവരുന്നു. ഈ യേശുവിനെ നമ്മുടെ ജീവിതത്തിൽ സ്വീകരിച്ചുകൊണ്ട്, അനുദിനം നമുക്കു ഉയിർ പ്പിന്റെ ജീവിതം നയിക്കാം.

# 2014 ഏപ്രിൽ 27
# പുതുഞായറാഴ്ച

യോഹ. 20:19-23; ഉല്പ. 41:37-45; 2 രാജാ. 2:1-12; ഏശ. 62:1-5; 1 പത്രോ. 1:3-12; 2 കോരി. 5:11-15; യോഹ. 20:19-29

**ബ്രദർ ബ്ലസ്സൻ മാത്യു ഒ. ഐ. സി.**

**ആമുഖം**

ഒരിക്കൽ ഒരു അനുയായി ഓഷോ രജനീഷിനോടു ചോദിച്ചു: "യേശുവും ബുദ്ധനും തമ്മിലുള്ള വ്യത്യാസമെന്താണ്?" വ്യത്യാസം വെളിവാക്കാൻ ഓഷോ ഒരു കഥ പറഞ്ഞു: 'ഏഷ്യയുടെ പ്രകാശം' എന്നു വിശേഷിപ്പിക്കപ്പെടുന്ന ബുദ്ധൻ തന്റെ മരണകിടക്കയിലാണ്. ദു:ഖിക്കുന്ന ശിഷ്യർ. ബുദ്ധന്റെ പ്രിയശിഷ്യൻ ആനന്ദൻ ചോദിച്ചു, "പ്രഭോ അങ്ങു മരിക്കുകയാണ്, അങ്ങയെ ഓർമ്മിക്കാൻ ഞങ്ങൾക്കെന്തെങ്കിലും തരുക." ഒരു മുല്ലപ്പൂവ് ശിഷ്യന്റെ കൈകളിലേക്കു നൽകികൊണ്ടു ബുദ്ധൻ പറഞ്ഞു, "ഇതെന്റെ ഓർമ്മക്കായി സൂക്ഷിക്കുക." രണ്ടു കൈയ്യും നീട്ടി ആനന്ദൻ ഈ പൂവ് സ്വീകരിച്ചു. ബുദ്ധൻ നിർവാണത്തിലേക്കു പ്രവേശിച്ചു. ബുദ്ധൻ കൈമാറിയ പൂവ് വളരെ ആദരവോടെ ശിഷ്യർ സൂക്ഷിച്ചു. കാലം കടന്നുപോയി. മുല്ലപ്പൂവിന് അതിന്റെ മണവും ഭംഗിയും നഷ്ടമായി. ബുദ്ധശിഷ്യരുടെ മനസ്സിൽനിന്നു ബുദ്ധനെന്ന ഗുരുവിന്റെ ഓർമ്മകളും ഇതുപോലെ കാലക്രമത്തിൽ നഷ്ടമായി.

തന്റെ മരണത്തിനുമുമ്പ്, ചിരംജീവിക്കുന്ന സ്നേഹത്തിന്റെ അനുസ്മരണത്തിനുവേണ്ടി എന്തെങ്കിലും നൽകുവാൻ ഈശോ ആഗ്രഹിച്ചു. വി. കുർബ്ബാന അപ്പത്തിലൂടെയാണ് അവൻ അത് നിറവേറ്റിയത്. ശിഷ്യന്മാർക്ക് പെസഹാതിരുനാളിൽ അവൻ അപ്പം വാഴ്ത്തി ഭാഗിച്ചു നൽകി. അങ്ങനെ അതവരുടെ ജീവന്റെ ഭാഗമായി. അതു കാലക്രമേണ വിശ്വാസത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ തുടങ്ങി. ജീവന്റെ നിലനിൽപ്പിനാവശ്യമായ അപ്പത്തിന്റെ രൂപത്തിലാണ്

യേശു ശിഷ്യർക്കു സ്വയം നൽകിയത്. അതോടെ അവൻ അവരുടെ ഉള്ളിൽ വസിക്കുന്ന യാഥാർത്ഥ്യമായി. ക്രൈസ്തവന്റെ ജീവന്റെ കേന്ദ്ര മായി ക്രിസ്തു മാറിയപ്പോൾ ക്രൈസ്തവമതവും വളരാൻ തുടങ്ങി. ഈ വിശ്വാസാനുഭവമാണ് ശിഷ്യരുടെ ഉത്ഥാനാനുഭവവും. ഭാരത ത്തിൽ ക്രിസ്തുവർഷം 72- ൽ കൊല്ലപ്പെടുന്നതുവരെ തോമസ് എന്ന ദിദീമോസ് നെഞ്ചോടു ചേർത്ത ഉത്ഥാനവിശ്വാസമാണ് ഇന്നത്തെ നമ്മുടെ ചിന്താധാര.

**പശ്ചാത്തലം**

വി. യോഹന്നാന്റെ സുവിശേഷത്തിൽ ആകെ നാലു തവണയാണ് ഉത്ഥാനാനന്തരം യേശു പ്രത്യക്ഷപ്പെടുന്നത്. ഈ നാലു വിവരണ ങ്ങളിൽ മൂന്നും 20-ാമത്തെ അദ്ധ്യായത്തിലാണു നാം കാണുന്നത്: 1) ഉയിർപ്പു ഞായറാഴ്ച ഈശോ മഗ്ദലേന മറിയത്തിനു പ്രത്യക്ഷപ്പെ ടുന്നു. 2) ഉയിർപ്പു ഞായറാഴ്ച വൈകുന്നേരം യേശു തോമസ് ഒഴി കെയുള്ള ശിഷ്യഗണത്തിനു പ്രത്യക്ഷനാകുന്നു. 3) പിറ്റേ ഞായറാഴ്ച, ഉയിർപ്പിന്റെ എട്ടാം ദിനത്തിൽ തോമസ് ഉൾപ്പെടെയുള്ള ശിഷ്യഗണ ത്തിനു യേശു പ്രത്യക്ഷനാകുന്നു. ഇവയിൽ രണ്ടാമത്തയും മൂന്നാമ ത്തെയും പ്രത്യക്ഷീകരണങ്ങളാണു നാം ഇന്നു വായിച്ചുകേട്ടത്. പീഡാ നുഭവവേളയിൽ തന്നിൽനിന്നു താത്കാലികമായി അകന്ന ശിഷ്യരെ യേശു തന്റെ ഉത്ഥാനം വഴിയായി വിശ്വാസത്തിന്റെ ഉൾക്കാഴ്ചയിലേക്കു ആനയിക്കുന്ന രംഗങ്ങളാണ് ഇവിടെ വിവരിക്കുന്നത്. ഇതിൽ സുപ്ര ധാനമാണ് തോമാശ്ലീഹായ്ക്കു ലഭിക്കുന്ന ദർശനം.

**പ്രമേയം**

യേശുവാകുന്നു 'കർത്താവും ദൈവവു'മെന്നു പ്രഘോഷിക്കു ന്നതും (20:28), അപ്രകാരം യേശുവിൽ വിശ്വസിക്കുന്നവർക്കേ നിത്യ ജീവൻ ലഭിക്കൂ (20:31) എന്നു വ്യക്തമാക്കുന്നതുമായ വേദഭാഗമാണിത്. തന്റെ അനുവാചകരെക്കൊണ്ടു അപ്രകാരം പ്രഘോഷിപ്പിക്കാൻ സാധി ച്ചാൽ തന്റെ സുവിശേഷരചനയുടെ ലക്ഷ്യവും പ്രഘോഷിക്കുന്നവരുടെ രക്ഷയും സംപ്രാപ്യമായതായി വി. യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു

(20:31). ഇത്രയും സുപ്രധാനമായ ഒരു പ്രഘോഷണത്തിന്റെ നിമിത്തവും പ്രഘോഷകനുമായി മാറുന്ന തോമാശ്ലീഹായയാണ് ഇന്നത്തെ നമ്മുടെ വിചിന്തനവിഷയം.

**സന്ദേശം**

**1) എല്ലാവരും സംശയിച്ചവരും, ശകാരം ലഭിച്ചവരും, കണ്ടു വിശ്വസിച്ചവരും.**

എന്തുകൊണ്ടാണു തോമാശ്ലീഹായെ 'സംശയിക്കുന്ന തോമാ' യെന്നു ചിലരെങ്കിലും ആക്ഷേപിക്കുന്നത്? ഉത്ഥിതനെ കാണുന്നതിനു നിർബന്ധം പിടിച്ചതുകൊണ്ടുമാത്രമാണത്. അങ്ങനെയെങ്കിൽ, ഏതു ശ്ലീഹായയാണു ഉത്ഥാനത്തെക്കുറിച്ചു ആദ്യം സംശയിക്കാതിരുന്നത്? ഏതു ശ്ലീഹായയാണ് ഉത്ഥിതനെ കാണാതെ വിശ്വസിച്ചത്? ഉത്ഥിതൻ പ്രത്യക്ഷപ്പെടുന്നതിനുമുമ്പ് എല്ലാ ശ്ലീഹന്മാരും ഉത്ഥാനത്തെക്കുറിച്ചു സംശയിച്ചവരാണ്. മർക്കോസിന്റെ സുവിശേഷപ്രകാരം യേശു ആദ്യം പ്രത്യക്ഷപ്പെട്ടതു മഗ്ദലേനാ മറിയത്തിനാണ്. അവൾ ചെന്നു ശ്ലീഹന്മാരെ ഈ വിവരം അറിയിച്ചപ്പോൾ അവരുടെ പ്രതികരണം എന്തായിരുന്നു? അവൻ ജീവിച്ചിരിക്കുന്നുവെന്നും അവൾക്കു കാണപ്പെട്ടു എന്നും കേട്ടപ്പോൾ അവർ വിശ്വസിച്ചില്ല (മർക്കോ 16:11). അവർക്ക് അത് ഒരു കെട്ടുകഥ പോലെയേ തോന്നിയുള്ളു; അവർ വിശ്വസിച്ചില്ല എന്നാണു ലൂക്കാ 24:11 ലും രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാമത്തിലേക്കു പോയ രണ്ടു ശിഷ്യന്മാർക്കു യേശു പ്രത്യക്ഷപ്പെട്ട വിവരം അവർ പോയി ബാക്കി ശിഷ്യരെ അറിയിച്ചപ്പോഴും അവർ വിശ്വസിച്ചില്ല (മർക്കോ 16:13). പിന്നീട് (യൂദാസ് ഒഴികെ) അവർ പതിനൊന്നുപേർ ഭക്ഷണത്തിനിരുന്നപ്പോൾ അവൻ അവർക്കു പ്രത്യക്ഷപ്പെട്ട് ഉയിർപ്പിനുശേഷം തന്നെ കണ്ടവരെ വിശ്വസിക്കാത്തതുനിമിത്തം അവരുടെ വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും കുറ്റപ്പെടുത്തുകയുണ്ടായി (മർക്കോ 16:14). പതിനൊന്നുപേരെയും അവൻ കുറ്റപ്പെടുത്തി. ചുരുക്കത്തിൽ, ശിഷ്യന്മാരെല്ലാംതന്നെ യേശുവിനെ സംശയിച്ചവരും യേശുവിന്റെ ശകാരം ലഭിച്ചവരും കണ്ടു വിശ്വസിച്ചവരുമാണ്.

**2) കാണുക സമം ആഴമായ അനുഭവത്തിനു ഉടമയാവുക.**

'കണ്ടു' വിശ്വസിച്ചതു ഒരു കുറവല്ല. വാസ്തവത്തിൽ കണ്ടു വിശ്വ സിച്ചവരേ ശ്ലീഹന്മാരായിട്ടുള്ളു. "കണ്ടു"വിശ്വസിക്കുന്നതിനു യോഹന്നാന്റെ സുവിശേഷത്തിൽ ആഴമായ അർത്ഥമുണ്ട്. അങ്ങെവിടെയാണു വസിക്കുന്നത്? എന്ന തന്റെ പ്രഥമശിഷ്യരുടെ ചോദ്യത്തിനു യേശു കൊടുത്ത മറുപടി വന്നു കാണുക (യോഹ 1:39) എന്നാണ്. അപ്രകാരം അവിടുത്തെ ക്ഷണം സ്വീകരിച്ച് അവിടുന്നു വസിക്കുന്നിടം കാണുകയും അവനോടുകൂടെ താമസിക്കുകയും ചെയ്ത അന്ത്രയോസ് തന്റെ സഹോദരൻ പത്രോസിനോടു ചെന്ന് അറിയിക്കുന്നതു ഞങ്ങൾ മിശിഹായെ കണ്ടു എന്നാണ് (യോഹ 1:35-41). യേശുവിന്റെ വിളി സ്വീകരിച്ച പീലിപ്പോസ്, നഥാനയേലിനോടു പറയുന്നതും നസ്രത്തിൽനിന്നുള്ള യേശുവിനെ ഞങ്ങൾ കണ്ടു (1:45) എന്നാണ്. നസ്രത്തിൽനിന്നു വല്ല നന്മയുമുണ്ടാകുമോ എന്ന നഥാനയേലിന്റെ ചോദ്യത്തിനു പീലിപ്പോസ് കൊടുക്കുന്ന മറുപടി വന്നു കാണുക (1:46) എന്നാണ്. കണ്ടു എന്ന വാക്കിന്റെ അർത്ഥം അറിയുക, ആഴമായി അനുഭവിച്ചറിയുക എന്നാണ്. ഒരു കഥ ഇപ്രകാരമാണ്: ഒരു പ്രസിദ്ധ ചിത്രകാരൻ തന്റെ ഒരു സുഹൃത്തിനെ ചിത്രശാലയിലേക്കു കൊണ്ടുവന്നു. കടലിലെ കൊടുംകാറ്റ് ക്യാൻവാസിൽകണ്ട ചിത്രകാരന്റെ സുഹൃത്ത് അതിശയത്തോടെ ചിത്രകാരനോടു ചോദിച്ചു: കടലിലെ കൊടുംകാറ്റ് ഇത്ര യാഥാർത്ഥ്യബോധത്തോടെ ചിത്രീകരിക്കുവാൻ നിങ്ങൾക്കെങ്ങനെ കഴിഞ്ഞു? ചിത്രകാരൻ: കടലിനെ കൊടുങ്കാറ്റ് ക്യാൻവാസിലേക്കു പകർത്താൻ ആഗ്രഹിച്ചു ഞാൻ കടൽ തീരത്തേക്കു ചെന്നു. കൊടുംകാറ്റ് ആഞ്ഞടിക്കുന്ന സമയത്ത് എന്നെ കടലിന്റെ നടുവിലേക്കു ഒരു ബോട്ടിൽ കൊണ്ടുപോകാൻ ഞാൻ ഒരു മുക്കുവനെ ഏർപ്പാടു ചെയ്തു. അടുത്ത കൊടുങ്കാറ്റു രൂപംകൊണ്ടു വന്നപ്പോൾ ഞാൻ ബോട്ടിൽ കയറി. എന്നെ പായ്മരത്തോടു വരിഞ്ഞു കെട്ടാൻ ഞാൻ പറഞ്ഞു. പിന്നീട് എന്റെ നിർദ്ദേശമനുസരിച്ചു അയാൾ കൊടുങ്കാറ്റിനു നടുവിലൂടെ ബോട്ടു പായിച്ചു. അങ്ങനെ ഞാൻ കൊടുങ്കാറ്റു കാണുക മാത്രമല്ല അനുഭവിക്കുകയും ചെയ്തു. എന്റെ ഉള്ളിൽ കൊടുങ്കാറ്റ് ആഞ്ഞടിച്ചു. ഞാൻ അതിന്റെ

ഭാഗമായി മാറി. മടങ്ങിവന്നു കടലിലെ കൊടുങ്കാറ്റു ഞാൻ ക്യാൻവാസിലേക്കു പകർത്തി. അങ്ങനെയാണു ഈ ചിത്രമുണ്ടായത്. ഇതുപോലെ യേശുവിന്റെ ഉത്ഥാനമുൾപ്പെടെ എല്ലാത്തിനും ദൃക്സാക്ഷിയും അനുഭവസാക്ഷിയുമായ യോഹന്നാൻ തന്റെ ലേഖനത്തിന്റെ ആമുഖത്തിൽ ഇപ്രകാരം പറയുന്നു: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും, സ്വന്തം കണ്ണുകൾകൊണ്ടു കണ്ടതും, സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു" (1 യോഹ 1:1). ഇപ്രകാരമുള്ള വിശ്വാസാനുഭവത്തിൽ യേശുവിനെ സാക്ഷിച്ചവരിൽ അഗ്രഗണ്യനാണു തോമാശ്ലീഹാ.

**3) കണ്ടു വിശ്വസിക്കാൻ സാധിച്ചതു അഭിമാനകരം, കാണാതെ വിശ്വസിക്കുന്നതു സൗഭാഗ്യകരം.**

കണ്ടു വിശ്വസിക്കുക എന്നതു തോമാശ്ലീഹാ ഉൾപ്പടെ എല്ലാ ശ്ലീഹന്മാർക്കും യേശുവിന്റെ സമകാലികർക്കും ലഭിച്ച ഭാഗ്യമാണ്. പിന്നെ എന്തിനുവേണ്ടി വി. തോമാശ്ലീഹായെ ഇത്ര പ്രകടമായ വിധത്തിൽ സംശയിക്കുന്ന രംഗങ്ങൾക്കു വി.യോഹന്നാൻ നിമിത്തമാക്കി? നാം ഉൾപ്പെടെ യേശുവിനെ നേരിൽ കാണാനോ കേൾക്കാനോ സ്പർശിക്കാനോ സാധിക്കാത്ത അനേകകോടി ജനങ്ങളുടെ വിശ്വാസസ്ഥിരീകരണത്തിനും, നിത്യജീവപ്രാപ്തിക്കുംവേണ്ടി മാത്രമാണത്. യേശുവിനെ കണ്ടു വിശ്വസിക്കുന്നവരുടെ കാലം കഴിഞ്ഞു. ഇനി കണ്ടവരുടെ സാക്ഷ്യം കേട്ടു വിശ്വിക്കുകയാണ് കരണീയം, രക്ഷണീയം. യേശുവിനെ കർത്താവും ദൈവവുമായി ഏറ്റുപറഞ്ഞും, മരണത്തെ അവഗണിച്ചും യേശുവാകുന്ന മാർഗ്ഗത്തിലൂടെ മുന്നേറിയാൽ ഉത്ഥിതനെ നേരിൽ കാണാൻ സാധിക്കാത്തവർക്കും സൗഭാഗ്യം ലഭിക്കുമെന്നും അവർക്കും നിത്യജീവൻ ഉറപ്പാണെന്നും പഠിപ്പിക്കുകയാണു സുവിശേഷകൻ. യേശുവിനെ കാണാതെ വിശ്വസിക്കുന്ന നമുക്കും ഈ സൗഭാഗ്യത്തിനും നിത്യജീവനും ഉടമകളാകാം.

**വിചിന്തനം**

“Cost of Discipleship എന്ന ഗ്രന്ഥത്തിൽ ഡിട്രിച്ച് ബോണോഫർ പറയുന്ന ഒരു വസ്തുതയുണ്ട്: വിശ്വാസം എത്ര ആഴമുള്ളതാണോ, അത്രയും വാക്കുകൾ കുറയും. തോമസിന്റെ വിശ്വാസപ്രഖ്യാപനത്തിനു ആഴം ഏറെയാണ്; വെറും രണ്ടേ രണ്ടു വാക്കുകൾ: എന്റെ കർത്താവേ എന്റെ ദൈവമേ! ദൈവശാസ്ത്രക്ലാസുകളിൽ പഠിച്ചിട്ടുള്ളതിൽ ഏറ്റവും ലളിതമായ നിർവ്വചനം വിശ്വാസം എന്താണെന്നുള്ളതാണ്. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിനു മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് വിശ്വാസം. രണ്ടു വരിമാത്രമുള്ള വിശ്വാസപ്രമാണം എന്ന കവിത ഇപ്രകാരമാണ്: തൂക്കാനിഷ്ടം എൻ കുരിശേ
നിന്നിൽ തൂങ്ങാനില്ല പൊൻകുരിശേ.

തൊലിപ്പുറത്തേശാത്ത വിശ്വാസപ്രഖ്യാപനങ്ങൾ ക്രിസ്തീയതയെ പൊതുജനമദ്ധ്യത്തിൽ വിശ്വാസയോഗ്യമല്ലാതാക്കുമ്പോൾ മാതൃകയുടെ മഹാമേരുവായി നിൽക്കുകയാണ് സംശയിക്കുന്ന തോമാശ്ലീഹായുടെ വലിയ വിശ്വാസപ്രഖ്യാപനവും അതിനെ ശരിവയ്ക്കുന്ന അനന്തരജീവിതവും.

ബൈബിൾ വ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ സുവിശേഷങ്ങളിൽ മറ്റൊരു കഥാപാത്രത്തിൽനിന്നും ശ്രവിക്കാനാകാത്ത ക്രിസ്തുവിന്റെ സ്വഭാവത്തെപ്പറ്റിയുള്ള ഏറ്റവും പൂർണ്ണമായ പ്രസ്താവനയാണ് തോമസിന്റെ അധരങ്ങളിൽനിന്നു അടർന്നു വീഴുന്നത്. ആ വിശ്വാസപ്രഖ്യാപനം പ്രസിദ്ധമായത് അതിന്റെ പദഭംഗിയോ സാഹിത്യഗുണമോ മൂലമല്ല; മറിച്ച്, ആ വിശ്വാസപ്രമാണം ജീവിതത്തിലേക്കു പരാവർത്തനം ചെയ്യപ്പെട്ടതുകൊണ്ടുകൂടിയാണ്. തോമസ് വിശ്വസിക്കാൻവേണ്ടി ജീവിച്ചവനാണ്. ജീവിക്കാൻവേണ്ടി ജീവിച്ചവനല്ല. ഇന്ന് ജീവിച്ചുപോകാൻവേണ്ടി വിശ്വസിക്കുന്നവരാണ് ക്രൈസ്തവികതയുടെ മുഖം വികൃതമാക്കുന്നത്. അത്തരക്കാർ അധരംകൊണ്ടും ഹൃദയംകൊണ്ടും ഏറ്റു പറയട്ടെ, എന്റെ കർത്താവേ എന്റെ ദൈവമേ എന്ന്.

**ഉപസംഹാരം**

ഈ പുതുഞായറാഴ്ച നമുക്കും വിശ്വസിച്ചേറ്റുപറയാം എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന്. യേശുവാണ് കർത്താവ് എന്ന് അധരംകൊണ്ടു ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ചുവെന്നു ഹൃദയത്തിൽ വിശ്വിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും (റോമ 10:9) എന്നാണല്ലോ വി.പൗലോസ് ശ്ലീഹായും പഠിപ്പിക്കുന്നത്. ഹൃദയത്തിലും അധരത്തിലും മനസ്സിലും വചസ്സിലും സ്വദേശത്തും വിദേശത്തും യേശുവിനെ കർത്താവും ദൈവവുമായി ഏറ്റുപറഞ്ഞ് ഉത്തമവിശ്വാസത്തിന്റെ പ്രഘോഷകരും സാക്ഷികളുമായി മാറുവാനും, ജീവൻ പരിത്യജിച്ചും യേശുവാകുന്ന മാർഗ്ഗത്തിലുടെ സഞ്ചരിച്ച് നിത്യജീവൻ പ്രാപിക്കുവാനും വി. തോമാശ്ലീഹാ നമ്മെ ആഹ്വാനം ചെയ്യുന്നു.